പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 793 — 10/02/2016 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ **108** ആംബുലൻസുകൾ

| ചോദ്യം<br>**ശ്രീ. ജി. സുധാകരൻ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്; ഇതിൽ റണ്ണിംഗ് കണ്ടിഷനിൽ ഉള്ളവ എത്ര; അല്ലാത്തവ എത്ര; | (എ) | ആലപ്പുഴ ജില്ലയിൽ 18 (പതിനെട്ട്) 108 ആംബുലൻസുകളുണ്ട്. 03/02/2016-ലെ സ്ഥിതിയനുസരിച്ച് 14 (പതിനാല്) വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 4 (നാല്) വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്. |
| (ബി) | 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ; | (ബി) | നിലവിൽ, ആരോഗ്യ വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഫോർമാൻ മെക്കാനിക്ക് 108 ആംബുലൻസ് വാഹനങ്ങൾ പരിശോധിച്ച് നിർദ്ദേശം നൽകുന്നതിനനുസരിച്ച് വാഹന നിർമ്മാതാക്കളായ ഫോഴ്സിന്റെ വർക്ക്ഷോപ്പിലാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. അറ്റകുറ്റപ്പണികൾക്ക് ശേഷം ഫോർമാൻ മെക്കാനിക്ക് ടി വാഹനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. |
| (സി) | ജില്ലയിലെ 108 ആംബുലൻസുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സർവ്വീസ് നടത്താൻ കഴിയുംവിധം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വർക്ക്ഷോപ്പിലുള്ള 4 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി പുറത്തിറക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ